**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **18-09-2025 - ൽ മറുപടിയ്ക്ക്**

**യൂക്കാലിത്തോട്ടം വിൽപ്പനയിലെ കരാർ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വികസന കോർപ്പറേഷൻ തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ യൂണിറ്റിൽ യൂക്കാലിത്തോട്ടം വിൽപ്പനയിൽ കരാർ ലംഘനം ഉണ്ടായതിലൂടെ കോർപ്പറേഷന് നഷ്ടമുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ സബ് യൂണിറ്റിലെ താഴെപറയുന്ന തോട്ടങ്ങളിൽ നിന്നും യൂക്കാലി/അക്കേഷ്യ / മറ്റു പലവിധ മരങ്ങൾ വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി 2023 -24 വർഷം MSTC മുഖേന നടത്തിയ ഇ-ലേലത്തിലൂടെ ശ്രീ.V.ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ്, പാങ്ങോട് P.O -695609 എന്ന വ്യക്തിയുടെ പേരിൽ താഴെ പറയുന്ന 2 തോട്ടങ്ങളുടെ വില്പന സ്ഥിരീകരിച്ച് നൽകുകയും, ടിയാൾ തിരുവനന്തപുരം ഡിവിഷണൽ മാനേജരുമായി കരാർ ഒപ്പവച്ചിട്ടുള്ളതുമാകുന്നു.<br><br>തോട്ടം(1)- അരിപ്പ Block X/6p, IX/10, V/4p-2013 യൂക്കാലിപ്റ്റ്സ് പെല്ലിറ്റ (8.474 Ha),<br><br>തോട്ടം(2)- അരിപ്പ Block VIII/7 -2007 യൂക്കാലിപ്റ്റ്സ് ഹൈബ്രിഡ് (12.75 Ha)<br><br>യഥാർത്ഥ കരാർ കാലാവധിക്കുള്ളിൽ തോട്ടത്തിലെ പണികൾ പൂർത്തിയാക്കാതിരുന്നതിനാൽ, മേൽ രണ്ടു കരാറുകളുടെയും കാലാവധി നിരവധി തവണ നീട്ടി നൽകിയിരുന്നു. അവയുടെ വിശദ വിവരം അനുബന്ധ (1) ആയി ചേർക്കുന്നു.<br><br>മേൽ കാലയളവിനുള്ളിൽ കരാറുകാരൻ തോട്ടത്തിലെ ജോലികൾ പൂർത്തിയാക്കുകയോ, കരാർ വ്യവസ്ഥ 27 പ്രകാരം തോട്ടം തിരികെ കൈമാറുകയോ ചെയ്തിരുന്നില്ല. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് തയ്യാറാക്കിയ മഹസർ പ്രകാരമുള്ള തോട്ടത്തിന്റെ നില്പ് അവസ്ഥ സംബന്ധിച്ച് ഡിവിഷണൽ മാനേജർ 20.12.2024, 09.01.2025, 22.04.2025, 28.05.2025 തിയതികളിലായി റിപ്പോർട്ട് ചെയ്തത് അനുബന്ധം (2) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | മേൽ രണ്ട് തോട്ടങ്ങളിൽ (അനുബന്ധം-2) ലേലത്തുകയും അനുബന്ധ നികുതികളും ഉൾപ്പെടെ കരാറുകാരൻ കോർപറേഷനിൽ ഒടുക്കേണ്ട വില്പന മൂല്യത്തിന്റെ സിംഹഭാഗം ഇനിയും ഒടുക്കാനുണ്ടെന്നും, ബാക്കി അടയ്ക്കേണ്ട തുകയ്ക്ക് തുല്യമായ മരങ്ങൾ തോട്ടത്തിൽ അവശേഷിക്കുന്നില്ല എന്നും വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത തോട്ടങ്ങളുടെ എക്സ്ട്രാക്ഷനുമായി ബന്ധപ്പെട്ട കരാറുകാരന്റെ ഭാഗത്തുനിന്നും കരാർ ലംഘനം നടന്നതായി വ്യക്തമാകുന്നു. കരാർ വ്യവസ്ഥ പ്രകാരം വില്പന മൂല്യം ഒടുക്കുന്നതിനും പണികൾ പൂർത്തിയാക്കി തോട്ടം തിരികെ നൽകുന്നതിനും വീഴ്ച വരുത്തിയതിനു വ്യക്തമായ കാരണങ്ങൾ ഉണ്ടെങ്കിൽ ആയതു ബോധിപ്പിക്കുന്നതിനായി അവസരങ്ങൾ നൽകിക്കൊണ്ട് ഡിവിഷണൽ മാനേജരും, മാനേജിങ് ഡയറക്ടറും കരാറുകാരന് പലതവണ നോട്ടീസുകൾ നൽകിയെങ്കിലും, അവസാന നോട്ടീസിനു മാത്രമാണ് കരാറുകാരൻ പ്രതികരിച്ചത്. ടി മറുപടിയിൽ വ്യക്തമായ ഒരു കാരണവും നൽകിയതുമില്ല.<br><br>ആയതിനാൽ, ലേല വ്യവസ്ഥ (27) പ്രകാരം, കരാർ ലംഘനം നടത്തിയ കരാറുകാരനായ ശ്രീ. വി ചന്ദ്രൻ, ചിത്ര എന്റർപ്രൈസസിനെ കരിമ്പട്ടികയിൽപ്പെടുത്തി ഉത്തരവായിട്ടുള്ളതാകുന്നു.<br><br>ക്രമക്കേടുകൾ നടന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ, അന്വേഷണം പോലീസ് വിജിലൻസ് മുഖാന്തിരം നടത്തുന്നതിനായി ഫയൽ ആഭ്യന്തര (വിജിലൻസ്) വകുപ്പിന് കൈമാറിയിട്ടുണ്ട് |
| (ബി) | ഏതൊക്കെ ഇനത്തിൽ എത്ര രൂപയുടെ നഷ്ടമുണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത്; കരാർ നൽകിയത് ആർക്കാണെന്ന് വ്യക്തമാക്കുമോ; കരാറുകാരനെതിരെയും ഉത്തരവാദികളായവർക്കെതിരെയും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ സബ് യൂണിറ്റിലെ അരിപ്പ Block X/6p, IX/10, V/4p-2013 യൂക്കാലിപ്റ്റ്സ് പെല്ലിറ്റ (8.474 Ha), Block VIII/7 - 2007 യൂക്കാലിപ്റ്റ്സ് ഹൈബ്രിഡ് (12.75 Ha) എന്നീ തോട്ടങ്ങളുടെ എക്സ്ട്രാക്ഷനുമായി ബന്ധപ്പെട്ട കരാറുകാരന്റെ ഭാഗത്തുനിന്നും കരാർ ലംഘനം നടന്നതായി പ്രഥമദൃഷ്ട്യാ വ്യക്തമായിട്ടുണ്ട്. ആയതിനാൽ ലേല വ്യവസ്ഥകൾ പ്രകാരം കരാറുകാരനായ ശ്രീ. വി ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ്, പാങ്ങോട് പി.ഒ. തിരുവനന്തപുരം-ത്തിനെ കരിമ്പട്ടികയിൽപ്പെടുത്തി ഉത്തരവായിട്ടുള്ളതാകുന്നു ക്രമക്കേടുകൾ നടന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ, അന്വേഷണം പോലീസ് വിജിലൻസ് മുഖാന്തിരം നടത്തുന്നതിനായി ഫയൽ ആഭ്യന്തര (വിജിലൻസ്) വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത അന്വേഷണം |

| | | | |
|---|---|---|---|
| | | | പൂർത്തിയായി റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ മാത്രമേ പ്രസ്തുത തോട്ടങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് കോർപറേഷനുണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കൂ. |
| (സി) | കരാറിന് വിരുദ്ധമായി കൂടുതൽ തടി വെട്ടി കടത്തിക്കൊണ്ടു പോയത് തടയുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് കൃത്യവിലോപം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; കടത്തിക്കൊണ്ടുപോയ തടി പിടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രസ്തുത തോട്ടങ്ങളുടെ എക്സ്ട്രാക്ഷനുമായി ബന്ധപ്പെട്ട കരാർ ലംഘനം നടന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട സാഹചര്യത്തിൽ, അന്വേഷണം പോലീസ് വിജിലൻസ് മുഖാന്തിരം നടത്തുന്നതിനായി ഫയൽ ആഭ്യന്തര (വിജിലൻസ്) വകുപ്പിന് കൈമാറിയിട്ടുണ്ട്. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ മാത്രമേ പ്രസ്തുത തോട്ടങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് കോർപറേഷനുണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| 1. ബ്ലോക്ക് X/6p, IX/10, V/4p - 2013 യൂക്കാലിപ്റ്റസ് പെല്ലിറ്റ (8.474 Ha) | | | |
|---|---|---|---|
| | | | |
| കാലാവധി നീട്ടി നൽകിയ ഉദ്യോഗസ്ഥൻ | ദൈർഘ്യം | കാലാവധി | നീക്കം ചെയ്ത അളവ് ($M^3$) |
| യഥാർത്ഥ കരാർ കാലാവധി | 6 മാസം | 27.09.2023 – 26.03.2024 | 375.50 |
| ഡിവിഷണൽ മാനേജർ | 2 മാസം | 27.03.2024 - 26.05.2024 | 1816.52 |
| അസിസ്റ്റന്റ് ജനറൽ മാനേജർ | 1 മാസം | 27.05.2024 - 26.06.2024 | 0.00 |
| മാനേജിങ് ഡയറക്ടർ | 4 മാസം | 27.06.2024 - 26.10.2024 | 288.40 |
| മാനേജിങ് ഡയറക്ടർ | 2 മാസം | 27.10.2024 - 26.12.2024 | 0.00 |
| | **15 മാസം** | | **2480.42** |

| ബ്ലോക്ക് VIII/7 2007-യൂക്കാലിപ്റ്റസ് ഹൈബ്രിഡ് (12.75 Ha) | | | |
|---|---|---|---|
| കാലാവധി നീട്ടി നൽകിയ ഉദ്യോഗസ്ഥൻ | ദൈർഘ്യം | കാലാവധി | നീക്കം ചെയ്ത അളവ് (M3) |
| യഥാർത്ഥ കരാർ കാലാവധി | 5 മാസം | 21.10.2023 – 31.03.2024 | 0.00 |

| | | | |
|---|---|---|---|
| ഡിവിഷണൽ മാനേജർ | 2 മാസം | 1.04.2024 - 31.05.2024 | 381.82 |
| അസിസ്റ്റന്റ് ജനറൽ മാനേജർ | 2 മാസം | 01.06.2024 - 31.07.2024 | 0.00 |
| മാനേജിങ് ഡയറക്ടർ | 3 മാസം | 01.08.2024 - 31.10.2024 | 0.00 |
| മാനേജിങ് ഡയറക്ടർ | 1 മാസം | 01.11.2024 - 30.11.2024 | 0.00 |
| | **13 മാസം** | | **381.82** |

അനുബന്ധം 2

| ക്രമ നം | തോട്ടം | ലേല തുക | അകെ വില്പന വില (നികുതികൾ ഉൾപ്പെടെ ) | അടച്ച തുക | ഇനി അടക്കാൻ ബാക്കി ഉള്ളത് | കരാറുകാരന് ഒടുക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് KFDC യുടെ കൈവശം ഉള്ളത് | ഫെല്ലിംഗ് സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | അരിപ്പ Block X/6p,IX/10, V/4p-2013 യൂക്കാലിപ്റ്റസ് പെല്ലിറ്റ (8.474 Ha) | 14,284,000 | 18,140,322 | 13,500,000 | 4,640,323 | 714,200 | യൂക്കാലിപ്റ്റസ് മരങ്ങളെല്ലാം വെട്ടി നീക്കം ചെയ്തിരിക്കുന്നു. തോട്ടത്തിന്റെ പലഭാഗത്തതായി പാഴ്മരങ്ങൾ മാത്രമാണ് മുറിക്കാതെ അവശേഷിക്കുന്നത് |
| 2 | അരിപ്പ Block VIII/7 2007 യൂക്കാലിപ്റ്റസ് ഹൈബ്രിഡ് (12.75 Ha) | 5,440,000 | 6,908,664 | 1,500,000 | 5,408,664 | 272,000 | 100 ST മുറിച്ചിട്ട തടികൾ നീക്കം ചെയ്യാതെയും, 5.75 Ha ലെ മരങ്ങൾ മുറിക്കാതെയും അവശേഷിക്കുന്നു. |